**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5209** **12-08-2021 - ൽ മറുപടിയ്ക്ക്**

**ആഡിറ്റ് ഒബ്ജെക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2010 മുതൽ നാളിതുവരെ ഐ.എച്ച്.ആർ.ഡി. യിൽ എ.ഐ.സി.റ്റി.ഇ./യുജിസി സ്കെയിലിൽ ജോലി ചെയ്യുന്നവരിൽ എത്ര പേരുടെ ശമ്പളവുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഒബ്ജെക്ഷൻ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (എ) | ഐ.എച്ച്.ആർ.ഡി.യിൽ നടന്ന 2011-12 സാമ്പത്തിക വർഷത്തിലെ AG ആഡിറ്റിൽ ഐ.എച്ച്.ആർ.ഡി.യിലെ എഞ്ചിനീയറിംഗ് കോളേജ് അധ്യാപകർക്ക് AICTE/UGC ശമ്പളനിർണയം നടത്തിയതുമായി ബന്ധപ്പെട്ട ചില അപാകതകൾ ഉള്ളതായി AG റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ വെളിച്ചത്തിൽ വിശദമായ പരിശോധന നടത്തി ഉചിതമായ പരിഹാരനടപടികൾ സ്വീകരിക്കുകയും ആയത് AGയെ ധരിപ്പിക്കുകയും ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷത്തിലെ ഐ.എച്ച്.ആർ.ഡി. യിലെ ആഡിറ്റിൽ ഇവ വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ AG-ൽ നിന്നും ലഭിച്ച AMG II (HQ) IV/EAP/10-173/18-19/223 തീയതി 23.03.2021 നമ്പർ കത്തു പ്രകാരം AICTE/UGC പേ സ്കെയിൽ നൽകിയതുമായി ബന്ധപ്പെട്ടുള്ള ആഡിറ്റ് ക്വറികൾ AG ഡ്രോപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ ആയി നിയമിതരായതിനുശേഷം 7 വർഷത്തിനു-ള്ളിൽ Ph.D. യോഗ്യത നേടിയെടുക്കാത്ത 23 പേരുടെ പേ ഫിക്സേഷനുമായി ബന്ധപ്പെട്ട് നൽകിയ ആഡിറ്റ് ക്വറി AG ഡ്രോപ്പ് ചെയ്തിട്ടില്ല. അതുപോലെ തന്നെ 2011-12 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് പ്രകാരം കണ്ടെത്തിയ 6 അധ്യാപകരുടെ അസിസ്റ്റന്റ് പ്രൊഫസർ പോസ്റ്റിലേക്കുള്ള പ്രോമോഷൻ സംബന്ധിച്ച ആഡിറ്റ് ക്വറിയും ഡ്രോപ്പ് ചെയ്തിട്ടില്ല. എന്നാൽ ആയത് AGയുടെ പരിഗണനയിലാണ്. |
| (ബി) | അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഒബ്ജെക്ഷൻ ഉണ്ടായിട്ട് 2021 ജൂലൈ 15 വരെ എത്ര വർഷം, മാസം, ദിവസം എന്നറിയിക്കുമോ; | (ബി) | 9 വർഷം 11 മാസം |

| | | | |
|---|---|---|---|
| (സി) | ആഡിറ്റ് ഒബ്ജെക്ഷനിൽ പറഞ്ഞിട്ടുള്ള എത്ര പേർക്ക് ശമ്പള ഇനത്തിൽ അധിക തുക നൽകിയതായി ആഡിറ്റ് ടീം റിപ്പോർട്ട് നല്കിയിട്ടുണ്ട്; ഇതുമൂലം സർക്കാരിന് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം വിശദമാക്കുമോ; | (സി) | 29 പേർക്ക്. എന്നാൽ ശമ്പള പുനർനിർണ്ണയം നടത്തി അധികമായി നൽകിയ തുക തിരിച്ചുപിടിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാരിന് യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല. |
| (ഡി) | ഇത്തരത്തിൽ അധിക ശമ്പളം നൽകിയതും വാങ്ങിയതുമായ എത്ര പേർ നിലവിൽ സർവീസിലുണ്ടെന്നും എത്ര പേർ റിട്ടയർ ആയെന്നും അവരുടെ തസ്തിക സഹിതം വ്യക്തമാക്കുമോ? | (ഡി) | അധികമായി ശമ്പളം കൈപ്പറ്റികൊണ്ട് സർവ്വീസിൽ തുടരുന്നതോ റിട്ടയർ ചെയ്തതോ ആയ ആരും നിലവിലില്ല. |

സെക്ഷൻ ഓഫീസർ